**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3397** **08-10-2025 - ൽ മറുപടിയ്ക്ക്**

**പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അടിയന്തര സാഹചര്യങ്ങളിൽ സ്കൂളുകളിൽ പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | അടിയന്തിര സാഹചര്യങ്ങളിൽ പ്രഥമശുശ്രൂഷ നൽകുന്നതിന് വിദ്യാർത്ഥികളെയും അധ്യാപകരെയും സജ്ജരാക്കുന്നതിനായി സ്കൂളുകളിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. സ്റ്റുഡന്റ് പോലിസ് കേഡറ്റ് (എസ്.പി.സി), നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്), നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി), ജൂനിയർ റെഡ് ക്രോസ് (ജെ.ആർ.സി), സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിവിധ സ്റ്റുഡന്റ് ക്ലബ്ബുകളിലെ അംഗങ്ങൾക്ക് പ്രഥമശുശ്രൂഷയും അടിസ്ഥാന അടിയന്തര പ്രതികരണവും സംബന്ധിച്ച പരിശീലനം നൽകുന്നു. ADOLESCENT EDUCATION PROGRAMME, NATIONAL DISASTER MANAGEMENT ന്റെയും ഭാഗമായി ആവശ്യമായ പരിശീലനങ്ങൾ നൽകുന്നുണ്ട്. കൂടാതെ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ) സഹകരണത്തോടെ 2024-25 ൽ തിരുവനന്തപുരം ജില്ലയിൽ സുരക്ഷാ ബോധവൽക്കരണ പരിപാടികളും പ്രഥമശുശ്രൂഷ പ്രദർശനങ്ങളും സംഘടിപ്പിച്ചു. |
| (ബി) | കുട്ടികൾക്ക് സുരക്ഷാ മുന്നറിയിപ്പുകൾ, അടിയന്തര സാഹചര്യങ്ങളിൽ ഇടപെടേണ്ട രീതികൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | എല്ലാ സ്കൂളുകളിലും വേണ്ടത്ര പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും മെഡിക്കൽ അടിയന്തരാവസ്ഥകളോട് ഫലപ്രദമായി പ്രതികരിക്കാൻ കഴിവുള്ള വിദ്യാർത്ഥികളും ഉണ്ടെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലേക്കും ഇത്തരം പരിശീലന പരിപാടികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ